**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3297** **25-10-2021 - ൽ മറുപടിയ്ക്ക്**

**റവന്യൂ സംബന്ധിച്ച പ്രശ്നങ്ങൾക്ക് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഓരോ നിയമസഭാമണ്ഡലങ്ങളിലും നിലനിൽക്കുന്ന റവന്യൂ സംബന്ധിച്ച പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം കാണുന്നതിനുമായി റവന്യൂ വകുപ്പ് മന്ത്രി എം.എൽ.എ.മാരുമായി നടത്തിയ യോഗത്തിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (എ) | റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന വിഷൻ ആന്റ് മിഷൻ 2021-26 പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയമസഭാ സാമാജികരുടെയും റവന്യൂ സംബന്ധമായ അഭിപ്രായങ്ങളും നിവേദനങ്ങളും ശിപാർശകളും കേൾക്കുന്നതിനും സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനുമായി റവന്യൂ അസംബ്ലി എന്ന പേരിൽ ഒരു സംവിധാനം രൂപീകരിച്ചിട്ടുണ്ട്. റവന്യൂ അസംബ്ലിയുടെ ജില്ല തിരിച്ചുള്ള ആദ്യ യോഗം തിരുവനന്തപുരം ഐ.എൽ.ഡി.എം.-ൽ 13 ദിവസങ്ങളിലായി കൂടിയിട്ടുള്ളതാണ്. ടി യോഗത്തിൽ സാമാജികർ തങ്ങളുടെ മണ്ഡലവുമായി ബന്ധപ്പെട്ടും പൊതുവായും സമർപ്പിച്ച നിവേദനങ്ങളും ശുപാർശകളും യോഗത്തിൽ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങളും ഉൾപ്പെടുത്തി ഡാഷ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. നിയമസഭാ സാമാജികർക്ക് തങ്ങൾ സമർപ്പിച്ചിട്ടുള്ള ആവശ്യങ്ങളുടെ പുരോഗതി റിപ്പോർട്ട് ഡാഷ് ബോർഡ് വഴി വിലയിരുത്തുന്നതിനും കൂടാതെ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് ഡാഷ് ബോർഡ് പരിശോധിച്ച് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും വിവരം നിയമസഭാ സാമാജികരെ അറിയിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സമയബന്ധിതമായുള്ള അപേക്ഷകളുടെ തീർപ്പാക്കലാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത യോഗത്തിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണുന്നതിനായി ഓരോ മണ്ഡലത്തിലും പ്രത്യേക യോഗം ചേരുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം യോഗങ്ങളിൽ ഏതൊക്കെ ഉദ്യോഗസ്ഥരാണ് പങ്കെടുക്കേണ്ടത്; ഇത് സംബന്ധിച്ച നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ടോ? | (ബി) | ജില്ലാടിസ്ഥാനത്തിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരം കാണുന്നതിനും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ചേരുന്നതിനും ചർച്ച നടത്തുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ